# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 832** 07/02/2013 ൽ മറുപടിക്ക്

**ഒറ്റപ്പാലം കടമ്പഴിപ്പുറത്ത് ഹോമിയോ ആശുപത്രി**

**ചോദ്യം**
ശ്രീ. എം. ഹംസ

**മറുപടി**
വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ളിമണ്ഡലത്തിലെ, കടമ്പഴിപ്പുറത്ത് ഒരു ഹോമിയോ ആശുപത്രി ആരംഭിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ തീരുമാനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ഉണ്ട്. സംസ്ഥാന വാർഷിക പദ്ധതി പ്രകാരം പുതിയ ഹോമിയോ ഡിസ്പെൻസറികൾക്ക് വേണ്ടി 2011-2012 സാമ്പത്തിക വർഷത്തിൽ സമർപ്പിച്ച ശുപാർശകളിൽ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന്റെ പേരും നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും, ഹോമിയോ ഡിസ്പെൻസറികൾ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട്, സർക്കാർ തയ്യാറാക്കിയിട്ടുള്ള മുൻഗണനാക്രമ ലിസ്റ്റിൽ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. |
| (ബി) | കടമ്പഴിപ്പുറത്തെ ഹോമിയോ ആശുപത്രി എന്ന തദ്ദേശവാസികളുടെ നിരന്തര ആവശ്യത്തിൻമേൽ, എന്തു നടപടികൾ ആണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ; | | |
| (സി) | കടമ്പഴിപ്പുറത്ത് ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിനായുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ; ഇത് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ